# 66

# “പൗലൊസേ, നിനക്ക് എങ്ങനെ *കഴിഞ്ഞു?*”

# (21:17- 26)

പൗലൊസ് യെരുശലേമിലേക്കു പോയപ്പോൾ, കുഴപ്പം പ്രതീക്ഷിച്ചുകൊണ്ടാണ് അവൻ പോയത് (റോമർ 15:30, 31; പ്രവൃത്തികൾ 20:22, 23). ജാതികളായിരുന്ന ക്രിസ്ത്യാനികളുടെ ധർമ്മശേഖരം യെഹൂദ ക്രിസ്ത്യാനികൾക്കു സ്വീകരിക്കുവാൻ അവരുടെ അഹങ്കാരം അനുവദിക്കയില്ല എന്നതു പ്രതീക്ഷിച്ചിരിക്കാൻ സാധ്യതയുണ്ട്. തന്റെ മുമ്പിലത്തെ ബന്ധുക്കളിൽ നിന്നു ഉപദ്രവം തനിക്കു നേരിടേണ്ടി വരുമെന്ന് അവൻ അറിഞ്ഞിരുന്നു. കാരണം അവനെ ഒറ്റുകൊടുക്കുന്നവനായിട്ടാണ് അവർ കരുതിയിരുന്നത്. അവൻ ബന്ധിക്കപ്പെടുമെന്ന് ആത്മാവു അവനോടു പറഞ്ഞിരുന്നു. യെരുശലേമിലെ വീഥികളിലൂടെ അവൻ പോയപ്പോൾ, അവൻ അടിക്കടി ചുമൽ തിരിച്ച്, കുഴപ്പം എവിടെ നിന്നാണ് വരുന്നതെന്ന് നോക്കികാണും. പിന്നെ അവൻ മൂപ്പന്മാരുടെ മീറ്റിങ്ങിലേക്കു പോയി, അവിടെ അവൻ സുരക്ഷിതൻ എന്നു വിചാരിച്ചു – അതാ അവിടെ!

> ... പിന്നെ അവർ അവനോടു പറഞ്ഞതു, “സഹോദരാ, യെഹൂദന്മാരുടെ ഇടയിൽ വിശ്വസിച്ചിരിക്കുന്നവർ എത്ര ആയിരം ഉണ്ട് എന്നു, നീ കാണുന്നുവല്ലോ, അവർ എല്ലാവരും ന്യായപ്രമാണതല്പരർ ആകുന്നു; മക്കളെ പരിച്ഛേദന ചെയ്യരുതു എന്നും നമ്മുടെ മര്യാദ അനുസരിച്ചു നടക്കരുത് എന്നും നീ ജാതികളുടെ ഇടയിലുള്ള സകല യെഹൂദന്മാരോടും പറഞ്ഞു മോശെയെ ഉപേക്ഷിച്ചുകളവാൻ ഉപദേശിക്കുന്നു എന്നു, അവർ നിന്നെക്കുറിച്ചു ധരിച്ചിരിക്കുന്നു. ആകയാൽ, എന്താകുന്നു, വേണ്ടത്? നീ വന്നിട്ടുണ്ട് എന്നു അവർ കേൾക്കും നിശ്ചയം. ഞങ്ങൾ നിന്നോട് ഈ പറയുന്നതു ചെയ്ക. നേർച്ചയുള്ള നാലു പുരുഷന്മാർ ഞങ്ങളുടെ ഇടയിൽ ഉണ്ട്; അവരെ കൂട്ടികൊണ്ട് അവരോടുകൂടെ നിന്നെ ശുദ്ധീ വരുത്തി, അവരുടെ തല ക്ഷൗരം ചെയ്യേണ്ടിവന്നു അവർക്കു വേണ്ടി ചെലവു ചെയ്ക; എന്നാൽ നിന്നെക്കൊണ്ടു കേട്ടതു ഉള്ളതല്ല എന്നും നീയും ന്യായപ്രമാണത്തെ ആചരിച്ചു, ക്രമമായി നട

ത്തുന്നവൻ, എന്നും എല്ലാവരും അറിയും" (21:20–24).

നമ്മുടെ വിസ്മയത്തിനു, അവരുടെ അസാധാരണ ആവശ്യ ത്തോട് അപ്പൊസ്തലൻ യോജിച്ചു എന്നതാണ്: "അങ്ങനെ പൗലൊസ് ആ പുരുഷന്മാരെ കൂട്ടിക്കൊണ്ട്, പിറ്റെന്നാൾ, അവരോടുകൂടെ തന്നെ ശുദ്ധി വരുത്തി, ദൈവാലയത്തിൽ ചെന്നു, അവരിൽ ഓരോരുത്തന്നു വേണ്ടി വഴിപാട് കഴിപ്പാനുള്ള ശുദ്ധീകരണ കാലം തികഞ്ഞു എന്നു ബോധിപ്പിച്ചു" (വാക്യം 26). ആ യാഗങ്ങളിൽ പാപയാഗവും ഉൾപ്പെടുന്നതറിഞ്ഞ്, നാം നിലവിളിക്കും, "എന്തിനാണ്, പൗലൊസേ?"

നമ്മുടെ മനസ്സുകളിൽ ചോദ്യങ്ങൾ നിറയും: പൗലൊസ് ചെയ്തതു ശരിയോ തെറ്റോ? ഇന്നു യാഗങ്ങൾ അനുഷ്ടിക്കുന്നതു ശരിയാണോ, പ്രത്യേകിച്ച് നാം യെഹൂദരായിരുന്നെങ്കിൽ? ഈ വക ചോദ്യങ്ങളാണ് ഈ പാഠത്തിൽ നാം മല്ലിടാൻ പോകുന്നത്.

## മനുഷ്യന്റെ സംഘട്ടന വാക്കുകൾ

"മൂപ്പന്മാരുടെ ആവശ്യത്തോടു പൗലൊസ് യോജിച്ചത് ശരിയായോ?" എന്ന ചോദ്യവുമായി നമുക്കു തുടങ്ങാം; ഈ പ്രശ്നത്തിൽ ഒരു പൊതു സമ്മതം നിലനില്ക്കുന്നില്ല – ബഹുമാനിക്കപ്പെടുന്ന പണ്ഡിതന്മാർക്കിടയിൽ പോലും. നമുക്ക് പഠനോദ്ദേശത്തിന്, നാലു തലവാചകങ്ങളിൽ അസംഖ്യം കാഴ്ച്ചപ്പാടുകൾ ഞാൻ ഏകപക്ഷിയമായി എടുക്കട്ടെ:

### യോഗ്യമല്ലാത്ത ഒരു "ഉവ്വ്!"

കുറെപേർ ചോദ്യത്തിനു യോഗ്യമല്ലാത്ത "ഉവ്വ്" എന്നു ഉത്തരം നല്കും! അവർ വിശ്വസിക്കുന്നതു പൗലൊസും മൂപ്പന്മാരും ചെയ്തതെല്ലാം ശരി എന്നാണ്, അവരുടെ സമീപനം എവിടെ ആയിരുന്നാലും ശരിയായിരിക്കും, അവരെ അനുമോദിക്കയും അനുകരിക്കയും വേണം. ഇക്കൂട്ടർ ചൂണ്ടികാണിക്കുന്നതു പൗലൊസിന്റെ പ്രവൃത്തി പരിഭ്രമിപ്പിക്കുന്ന മാതൃകയായിരുന്നു അവൻ, "ഏതു വിധത്തിലും ചിലരെ രക്ഷിക്കേണ്ടതിന്നു, ഞാൻ എല്ലാവർക്കും എല്ലാമായിത്തീർന്നു എന്നു പറയുന്നതു അർത്ഥവത്താക്കി" (1 കൊരിന്ത്യർ 9:22), ബലഹീന സഹോദരന്മാർക്കു മനസ്സിലാക്കാവുന്ന തികഞ്ഞ ചിത്രീകരണമാണ് പൗലൊസിന്റെ റോമർ 14 ന്റെ ഉപദേശം.

പൗലൊസും മൂപ്പന്മാരും ചെയ്തതു ശരിയായിരുന്നു എന്നതിനു തെളിവായി, ഒന്നാമത്തെ കൂട്ടർ കണ്ടെത്തുന്നത് ലൂക്കൊസ് ഒരിക്കലും അവരുടെ പ്രവൃത്തിയെ ഖണ്ഡിക്കുകയുണ്ടായില്ല, പൗലൊസിന്റെ മനസാക്ഷിയും ഈ കാര്യത്തിൽ നിർമ്മലമായിരുന്നു (23:1). ഇക്കൂട്ടർ വിശ്വസിക്കുന്നത് പൗലൊസിന്റെ പ്രവൃത്തികൾ ആളുകളുമായി ഒത്തു പോകുന്നതിനു പ്രാധാന്യം കൊടുക്കുന്നുവെന്നും, അവന്റെ പെരുമാറ്റം ഉപദേശപരമായി പ്രതിരോധിക്കുന്നതിനേക്കാൾ പ്രാധാന്യം സമാധാനം ഉണ്ടാക്കുന്നതാണെന്നു പോലും ചിലർ പഠിപ്പിക്കുന്നുണ്ട്.

ഈ സാഹചര്യത്തിലെ ചില കാര്യങ്ങളോടു എനിക്കു യോജിപ്പുണ്ട്, എന്നാൽ എല്ലാം അല്ല താനും. എതിർപ്പ് ഒഴിവാക്കുവാൻ ചിലതു നമുക്കു

ചെയ്യാൻ കഴിയുമെന്ന പാഠം ഈ വിവരണത്തിൽ നിന്നു കിട്ടും, എന്നാൽ പൗലൊസും മൂപ്പന്മാരും ചെയ്തതെല്ലാം എന്ന് കയ്യടിക്കുന്നതു അത്യന്തം – ദുരാവശ്യമാകുന്നു.

"എല്ലാവർക്കും വേണ്ടി എല്ലാമായിത്തീർന്നു" എന്ന പൗലൊസിന്റെ നയം അവിശ്വാസികളെ നേടുന്നതിനു വേണ്ടിയായിരുന്നു, അല്ലാതെ വിശ്വാസികളെ ആശ്വസിപ്പിക്കുന്നതിനായിരുന്നില്ല. യെരുശലേമിലെ അവിശ്വാസികളെ സംബന്ധിച്ച് പോലും, പൗലൊസിന്റെ ദൈവാലയ ശുശ്രൂഷകൾ ഏതൊരു മത്സരത്തെയും ജയിക്കുവാനോ അല്ലെങ്കിൽ യെഹൂദന്മാരോടു പ്രസംഗിക്കൽ എളുപ്പമാക്കുകയോ ഇല്ല (9:29; 22:17–21 നോക്കുക).[1]

അഭിപ്രായ വ്യത്യാസം പരിശീലിക്കുന്നതിനെയാണ് റോമർ 14 സൂചിപ്പിക്കുന്നത്. ന്യായ പ്രമാണത്തിലെ ചില കല്പനകൾ പ്രാധാന്യമില്ലാത്തതും പുതിയ നിയമോപദേശത്തെ ബാധിക്കാത്തതുമാണ് (ഏഴാം ദിവസത്തെ വിശ്രമം, ഭക്ഷണത്തെ സംബന്ധിച്ച ചട്ടങ്ങൾ, മുതലായവ), എന്നാൽ ഒരു പാപയാഗം അർപ്പിക്കുന്നതു നിസ്സാരമായ "അഭിപ്രായവ്യത്യാസമായി" തള്ളുവാൻ പ്രയാസമാണ്.

മൂപ്പന്മാരും പൗലൊസും ഒരു തെറ്റും ചെയ്തില്ല എന്നതിന്റെ തെളിവിനെ കുറിച്ചു, ഇക്കൂട്ടർ എടുക്കുന്ന തെളിവു ബോധ്യപ്പെടുന്നതല്ല. ബൈബിൾ എഴുത്തുകാർ നിന്നു പ്രസംഗിക്കുകയോ ഖണ്ഡിക്കുകയോ ചെയ്യാറില്ല; ഉല്പത്തി 9:20, 21-ൽ നോഹ മദ്യപിച്ചതിനെക്കുറിച്ച് മോശെയുടെ നിലപാട് ശ്രദ്ധിക്കുക. താൻ മനസാക്ഷിക്കെതിരായി പ്രവർത്തിച്ചിട്ടില്ല എന്നു പൗലൊസ് പറഞ്ഞതു ശരിയാണ്, എന്നാൽ ആ പ്രസ്താവന അവൻ ക്രിസ്ത്യാനികളെ ഉപദ്രവിച്ച കാലയളവും ഉൾപ്പെടുന്നു (പ്രവൃത്തികൾ 8:1, 3). മൂപ്പന്മാരുടെ നിർദ്ദേശം അനുസരിക്കുന്നതിൽ അവർ *മനഃപൂർവ്വമായി* തെറ്റു ചെയ്തില്ല എന്നാണ് പൗലൊസിന്റെ വാക്കുകൾ തെളിയിക്കുന്നത്; ഇതിനർത്ഥം അവന്റെ പെരുമാറ്റം ചോദ്യം ചെയ്യപ്പെടാത്തത് എന്നല്ല.

ദൈവത്തെ അനുസരിക്കാത്തത് ആളുകളുമായി പൊരുത്തപ്പെടാത്തതാണ് എന്നു പഠിപ്പിക്കൽ തീർച്ചയായും അതിരു കവിഞ്ഞതാണ്. യാക്കോബ് പിന്നീട് ഊന്നി പറഞ്ഞത് സമാധാനത്തേക്കൾ കൂടുതൽ പ്രാധാന്യമാണ് വിശുദ്ധിക്ക് ഉള്ളത് എന്നാണ് (അത് ധാർമ്മികമോ ഉപദേശമോ ആയാലും) (യാക്കോബ് 3:17).

### യോഗ്യമായ ഒരു "ഉവ്വ്"

രണ്ടാമത് ഒരു കൂട്ടം – ഒരു പക്ഷേ വലിയ കൂട്ടമാകാം – അവരുടെ യോഗ്യമായ "ഉവ്വ്" പറയുന്നതു, "*ആ സാഹചര്യത്തിൽ* പൗലൊസ് ചെയ്തതു ശരിയായിരുന്നു." സന്ദർഭം ശാന്തമാക്കുന്നതാണെന്ന് അവരെല്ലാവരും സമ്മതിക്കുന്നില്ല എന്നാൽ സാഹചര്യത്തിനനുസരിച്ച് പൗലൊസ് ഏറ്റവും നന്നായി തന്നെ ചെയ്തു. പലപ്പോഴും എടുത്തു കാണിച്ച സാഹചര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്: സഭയ്ക്കു അകത്തു നിന്നും പുറത്തു നിന്നുമുള്ള അവിശ്വസനിയമായ സമ്മർദ്ദം മൂപ്പന്മാർക്കും പൗലൊസിനും ഉണ്ടായപ്പോൾ, പൗലൊസിന്റെ തീരുമാനം

"എല്ലാവർക്കും എല്ലാമായി തീരുക," മുതലായവ. വേറെ മൂന്നു സന്ദർഭങ്ങൾ പലപ്പോഴും ഊന്നി പറഞ്ഞിട്ടുണ്ട്:

(1) യെഹൂദമതത്തിന്റെ പ്രത്യേകത. പുതിയ നിയമത്തിൽ, രാഷ്ട്രീയാധികാരത്തെയും മതപരമായ അധികാരത്തെയും വേർതിരിച്ച് പറഞ്ഞിട്ടുണ്ട്: നാം "ദൈവത്തിനുള്ളത് ദൈവത്തിനും; കൈസർക്കുള്ളത് കൈസർക്കും കൊടുക്കണം" (മത്തായി 22:21; കൂടാതെ 1 പത്രൊസ് 2:17). നാം ദേശത്തിന്റെ നിയമം (റോമർ 13:1–7) ദൈവ നിയമത്തിനു എതിരല്ലെങ്കിൽ അനുസരിക്കണം (പ്രവൃത്തികൾ 5:29).[2] അതിനു വിപരീതമായി, *പഴയ*നിയമത്തിൻ കീഴിൽ, രാഷ്ട്രീയാധികാരവും മതപരമായ അധികാരവും സമ്മിശ്രമായിരുന്നു. മോശെയുടെ ന്യായപ്രമാ ണത്തിൽ രാഷ്ട്രീയ നിയമങ്ങളും മതപരമായ നിയമങ്ങളും യോജിപ്പിച്ചിരുന്നു. യിസ്രായേൽ ദേശത്തിന്റെ മതപരമായ പ്രവൃത്തികൾ മാത്രമല്ല, അവരുടെ ദേശീയമായ പ്രവർത്തനങ്ങളേയും നിയന്ത്രിച്ചിരുന്നു. അതുകൊണ്ട്, മുൻപു പറഞ്ഞതുപോലെ, മിക്ക യെഹൂദന്മാർക്കും അവരുടെ മതവും വർഗ്ഗവും തമ്മിൽ വേർതിരിച്ചറിയുവാൻ പ്രയാസം നേരിട്ടു. മിക്ക യെഹൂദന്മാരും യാഗങ്ങളെ കണ്ടത് അവരുടെ ദേശീയ അവകാശമായിട്ടാണ് – ചുരുങ്ങിയത് എ.ഡി. 70–ൽ ദൈവാലയം നശിപ്പിക്കുന്നതുവരെ. ഈ വസ്തുത അടുത്തതിനോടു യോജിക്കുന്നു:

(2) ഒരു പരിവർത്തന കാലഘട്ടം. നിയമപരമായി, ന്യായപ്രമാണം ക്രൂശിൽ തറച്ചു നീക്കി (കൊലൊസ്യർ 2:14, 16) – യാഗങ്ങളെ സംബന്ധിച്ച ചട്ടങ്ങൾ അടക്കം. പ്രായോഗികമായി, ദൈവം യെഹൂദന്മാർക്കു യെഹൂദമതത്തിൽ നിന്നു ക്രിസ്ത്യാനിത്വത്തിലേക്കു മാറുവാനുള്ള സമയവും അവസരവും കൊടുത്തിരുന്നു.[3] അങ്ങനെ, യേശു മരിച്ചപ്പോൾ ചില വേദ വാക്യങ്ങൾ പറയുന്നതുപോലെ ന്യായപ്രമാണം നീക്കം ചെയ്തു (ഉദാഹരണമായി, എഫെസ്യർ 2:14, 15), ചിലർ പറയുന്നതു ന്യായപ്രമാണം ക്രമേണയാണ് നീങ്ങപ്പെട്ടതെന്നാണ്. ഉദാഹരണമായി, എബ്രായർ 8:13 പറയുന്നതു ആദ്യ നിയമം "കാലോചിതമല്ലാത്ത" എന്നും, പിന്നെ പറയുന്നു: "എന്നാൽ പഴയതാകുന്നതും ജീർണ്ണിക്കു ന്നതും എല്ലാം നീങ്ങിപ്പോകുവാൻ അടുത്തിരിക്കുന്നു" (കൂടാതെ 2 കൊരിന്ത്യർ 3:7–11). മാത്യു ഹെൻറി പറഞ്ഞു, "ന്യായപ്രമാണ ചട്ടങ്ങൾ ... മരിച്ചു, എന്നാൽ അടക്കം ചെയ്യപ്പെട്ടില്ല."[4] എപ്പോഴാണ് ദൈവം ന്യായപ്രമാണത്തെ "അടക്കിയത്"? എ.ഡി. 70–ൽ അവൻ യെരുശലേം ദൈവാലയം നശിപ്പിച്ചപ്പോഴാണ് പരിവർത്തന കാലഘട്ടത്തിന്റെ അടയാളം ദൈവം നല്കിയത് എന്നു മിക്കവാറും യോജിക്കും. ഇതു വാസ്തവമാണെങ്കിൽ, എ.ഡി. 57ലും യെഹൂദന്മാർ പരിവർത്തന കാലഘട്ടത്തിൽ തന്നെ അപ്പോഴാണ് പൗലൊസ് ദൈവാലയത്തിൽ പോയത്. ഇതു അടുത്ത വസ്തുതയോടു സമാനത നല്കുന്നു:

(3) ക്രമേണ – നല്കപ്പെട്ട വെളിപ്പാട്. നമ്മുടെ പ്രവൃത്തികളുടെ പുസ്തക പഠനത്തിൽ, ദൈവം തന്റെ ഇഷ്ടം ഒറ്റയടിക്കു നല്കിയില്ല എന്നു നാം കണ്ടു കഴിഞ്ഞു, എന്നാൽ അതു ആളുകളുടെ ആവശ്യാനുസരണവും ജനങ്ങൾക്കു ഉൾക്കൊള്ളാവുന്നതനുസരിച്ചുമായിരുന്നു. ഉദാഹരണമായി, ദൈവത്തിന്റെ മൊത്തത്തിലുള്ള പദ്ധതിയിൽ ജാതിക

ളെയും ഒരു ഭാഗമാക്കി ഉൾപ്പെടുത്തിയതായിരുന്നു പെന്തെക്കൊസ്തു നാളിലെ പത്രൊസിന്റെ വാക്കുകൾ (പ്രവൃത്തികൾ 2:39), പക്ഷേ ദൈവം ഒരു പ്രത്യേക ദർശനം നല്കുന്നതുവരെ പത്രൊസിനു അതു മനസ്സിലായില്ല (പ്രവൃത്തികൾ 10). റോമർക്കും ഗലാത്യർക്കും ലേഖനങ്ങൾ എഴുതിയതു പൗലൊസ് ആണെങ്കിലും, ആ പുസ്തകങ്ങൾക്കു യാഗങ്ങളുമായുള്ള പ്രായോഗിക ബന്ധം പൗലൊസിനു ഗ്രഹിക്കാൻ കഴിഞ്ഞില്ല. അതു പലവർഷങ്ങൾക്കു ശേഷം എഴുതപ്പെട്ടു:[5] "സർവ്വാംഗ ഹോമങ്ങളിലും പാപയാഗങ്ങളിലും നീ പ്രസാദിച്ചില്ല"; "എന്നാൽ ഇവയുടെ മോചനം ഉള്ളേടത്ത് ... , പാപങ്ങൾക്കു വേണ്ടി ഒരു യാഗവും ആവശ്യമില്ല" (എബ്രായർ 10:6, 18). ദൈവത്തിന്റെ വെളിപ്പാട് ഇപ്പോൾ പൂർണ്ണമായി (2 പത്രൊസ് 1:3; യൂദാ 3), എന്നാൽ പൗലൊസ് ദൈവാലയത്തിൽ പോയപ്പോൾ പൂർണ്ണമായിരുന്നില്ല.

"ആ സാഹചര്യത്തിൽ" പൗലൊസ് ചെയ്തതു ശരി എന്ന അവസ്ഥ ശരിയായിരിക്കാം; തീർച്ചയായും മുകളിൽ പറഞ്ഞ വസ്തുതകൾ എല്ലാം വചനത്തിൽ കാണുന്നതാണ്. എന്നിരുന്നാലും, പക്ഷെ *പാപത്തിനു* വേണ്ടി യേശു ഒരു തികഞ്ഞയാഗം അർപ്പിച്ചശേഷം – പൗലൊസ് ഒരു യാഗം കഴിക്കുക എന്നു പറയുന്നതു ശരിയാണെന്നു പറയാൻ എനിക്കു വിഷമമുണ്ട്. രണ്ടാമത്തെ അവസ്ഥ പിടിച്ചിരിക്കുന്നവർ അധികവും ഈ വിഷമം പ്രത്യേക ശ്രദ്ധ ആകർഷിക്കുന്നതാണെന്ന് അറിയുന്നു. ഈ ബുദ്ധിമുട്ടു മനസ്സിലാക്കിയ, ആഡം ക്ലാർക്ക്, യാഗം കഴിക്കുന്നതു നാം നികുതി കൊടുക്കുന്നതിനോടു സാമ്യപ്പെടുത്തിയിട്ടുണ്ട് കാരണം "സംസ്ഥാനത്തെ മന്ത്രിമാർ ഭരണം നടത്തുന്നതു ഇതുകൊണ്ടാണ്."[6] വേറെ ചിലർ യാഗങ്ങളെ ദേശത്തെ നിയമം ലംഘിച്ചിട്ടു പിഴ അടക്കുന്നതിനോട് സാമ്യപ്പെടുത്തുന്നുണ്ട്.[7]

നാസറീൻ വ്രതത്തിലെ ചട്ടങ്ങളെ വായിക്കുന്നതുകൊണ്ടാണ് എനിക്ക് ഇതിൽ വിഷമ പ്രശ്നം ഉണ്ടാകുന്നത്: ഈ നേർച്ച–ക്കാരൻ കൊണ്ടു വരുന്ന പക്ഷികളിൽ ഒന്നിനെ "ഒരു പാപയാഗമായി" "അവർ ചെയ്ത പാപത്തിനു പ്രായശ്ചിതമായി അർപ്പിക്കണം ..." (സംഖ്യാ പുസ്തകം 6:11). നാം ചിലപ്പോൾ "പ്രായശ്ചിത്തം കഴിക്കുക" എന്ന വാക്ക് ഒരാൾ തന്റെ സഹമനുഷ്യനുമായുള്ള ബന്ധത്തെ സൂചിപ്പിച്ചു കൊണ്ടാണ്, എന്നാൽ ഈ വാക്ക് സംഖ്യാ പുസ്തകം 6–ൽ യെഹൂദന്മാർക്ക് ഇതെന്താണ് അർത്ഥമാക്കുന്നത്? തീർച്ചയായും, നമ്മുടെ മനസ്സുകളിൽ, ഇന്നു ഒരു മനുഷ്യന്റെ ദൈവത്തോടുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. ഒരുപക്ഷേ ഈ യാഗം തന്റെ ആത്മാവിന്റെ രക്ഷയുമായി ഒരു ബന്ധവുമില്ലെന്നു പൗലൊസ് മനസ്സിലാക്കിയിരിക്കാം, പക്ഷേ പുരോഹിതന്മാർക്കു അതു മനസ്സിലായോ? പൗലൊസ് യാഗത്തിനുള്ളു ഏർപ്പാടുകൾ ചെയ്തപ്പോൾ അവിശ്വാസികളായ യെഹൂദന്മാർക്ക് അതു മനസ്സിലായോ? എനിക്കു ചിന്തിക്കാതിരിക്കാൻ കഴിയുന്നില്ല, ചുരുങ്ങിയത്, പൗലൊസിന്റെ പ്രവൃത്തി ചോദ്യം ചെയ്യാവുന്നതത്രേ.

**യോഗ്യമായ ഒരു "ഇല്ല"**

എനിക്ക് കൂടുതൽ തൃപ്തി – അസംഖ്യം വരുന്ന കൂട്ടത്തിന്റെ അവ

സ്ഥയാണ് – അവർക്കു പൗലൊസ് ചെയ്തതിനെ പ്രതിരോധിക്കാൻ കഴിയുന്നില്ല, എന്നാൽ അവന്റെ കഷ്ടസ്ഥിതിയിൽ അവനോടു കൂടെ അനുതാപിക്കുന്നുണ്ട്. ഇക്കൂട്ടർ വിശ്വസിക്കുന്നതു സന്ദർഭം വളരെ പ്രാധാന്യമർപ്പിക്കുന്നതാണ് പക്ഷേ പൗലൊസ് രക്ത യാഗങ്ങളിൽ പങ്കെടുക്കുന്നതിനെ ന്യായീകരിക്കാൻ സാദ്ധ്യമല്ലെന്നാണ്.

ഇക്കൂട്ടത്തിൽ അധികം പേരും "പാപം" എന്നതു ഒഴിവാക്കി. പകരം, പൊതുവിൽ അവർ ഉപയോഗിക്കുന്നത് "തെറ്റ്" എന്നാണ്. ആ "തെറ്റ്" എത്രത്തോളം ഗൗരവമുള്ളതായിരുന്നു എന്നതിനെക്കുറിച്ച് അവർക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങളാണ് ഉള്ളത് എന്നാണ്, ആ വാക്കാണ് അവർ ഇഷ്ടപ്പെട്ടതു എന്നു തോന്നുന്നു. ഞാൻ ബഹുമാനിക്കുന്ന ഒരു ഉപദേഷ്ടാവും പ്രാസംഗികനും അടുത്ത സമയത്ത് എഴുതി, "പൗലൊസ് ഒരു തെറ്റു ചെയ്തു എന്നാണ് ഞാൻ പഠിപ്പിക്കു ന്നത്."[8] കഴിഞ്ഞ പാഠത്തിന്റെ ആരംഭത്തിൽ, ഞാൻ കാംബെൽ മോർഗനെ ഉദ്ധരിച്ചു പറഞ്ഞതു, "പൗലൊസ് തന്റെ ശുശ്രൂഷയിൽ ചെയ്ത ഏറ്റവും വലിയ തെറ്റാണ് ഈ സന്ദർഭത്തിലേത്."

ബൈബിളിലെ ഓരോരുത്തരുടേയും പ്രവൃത്തികളെ നാം ന്യായീകരിക്കേണ്ട ആവശ്യമില്ല എന്ന്, മനസിൽ ഉറപ്പിക്കുക. മൂപ്പന്മാർ – അന്നും – ഇന്നും വീണു പോകാവുന്നവരാണ്, ദൈവശ്വാസീയരായ ആളുകൾ പോലും തെറ്റു ചെയ്തിട്ടുണ്ട് (ഗലാത്യർ 2:11–14). പൗലൊസും തന്നെക്കുറിച്ച് പാപി എന്ന ഗണത്തിൽ പെടുത്തിയിട്ടുണ്ട് (റോമർ 3:23) പൂർണ്ണനല്ല എന്നും (ഫിലിപ്പിയർ 3:12).[9]

### അയോഗ്യമായ ഒരു "ഇല്ല!"

കുറെപ്പേർ – ഒരുപക്ഷേ എല്ലാവരിലും ചെറിയ കൂട്ടമാകാം – പൗലൊസ് തെറ്റു ചെയ്തു എന്നും അവൻ ചെയ്തതു യാതൊരു ഒഴികഴിവും ഇല്ലാത്തതാണ് എന്നും അവൻ ശഠിക്കുന്നു! ഇക്കൂട്ടർ ശരിയായിരിക്കാം, എന്നാൽ ഈ അവസ്ഥ അടിസ്ഥാനതത്വത്തെ ലംഘിച്ചു വരുന്നു, അതായതു മറ്റുള്ളവരുടെ നല്ല പ്രവൃത്തികളെ കഴിവതും കാണാൻ കഴിയണം എന്നതാണത് (1 കൊരിന്ത്യർ 13:7).

### ദൈവത്തിന്റെ അവസാന വാക്ക്

പൗലൊസിന്റെ പ്രവൃത്തിയെ ദൈവം എങ്ങനെ കാണുന്നു അവൻ നമ്മോടു ചോദിക്കുന്നില്ല, അതുകൊണ്ട് പൗലൊസിന്റെ പ്രവൃത്തിയിലൂടെ തെറ്റും – ശരിയും അളക്കുന്നതിൽ നാം സൈദ്ധാന്തികമായി സംസാരിക്കും. എങ്ങനെയായാലും, ഇതു യാഗങ്ങൾ കഴിക്കുന്നതിനെക്കുറിച്ചു രണ്ടാമത്തെ കൂട്ടർ ഉന്നയിച്ച രണ്ടാമത്തെ ചോദ്യത്തിനു, ദൈവം സംസാരിച്ചിരി*ക്കുന്നു* – നാം കേൾക്കണം. പൗലൊസോ മറ്റാരു തന്നെയായാലും ദൈവം പറയുന്നതു രക്താർപ്പിതയാഗം കഴിക്കുന്നത് ശരി*യല്ല* എന്നാണ്.

### തിർച്ചയുള്ള ഒരു ഉറപ്പിച്ചു പറയൽ

ഒരാഴ്ച്ച പൗലൊസ് ദൈവാലയത്തിൽ ചെലവഴിച്ചതിനു ശേഷം,

എബ്രായ ലേഖനം എഴുതുവാൻ ദൈവം ഇടയാക്കി – ഒരുപക്ഷേ പൗലൊസിനാലോ അവന്റെ ഒരു സ്നേഹിതനാലോ ആയിരിക്കാം. എബ്രായ ലേഖനം എബ്രായർക്കു എഴുതിയതാണ് (അതായത്, യെഹൂദന്മാർക്ക്) ക്രിസ്ത്യാനികൾ തങ്ങളുടെ പഴയ രീതിയിലേക്കു മടങ്ങിപ്പോകുവാൻ ആഗ്രഹിച്ചു. ക്രിസ്ത്യാനിത്വത്തിൽ എല്ലാം ശ്രേഷ്ഠമാണെന്ന് ലേഖകൻ വാദിച്ചു, അതുകൊണ്ട് അവർ തങ്ങളുടെ യെഹൂദ മതത്തിലേക്ക് വീണ്ടും തിരിച്ചു പോകുന്നത് – വിഡ്ഢിത്തവും – അപകടകരവുമാണ്: "എബ്രായരായിരിക്കുന്നതു നിർത്തുവാനാണ് എബ്രാ യർക്ക് എബ്രായ ലേഖനം എഴുതിയത്!"[10]

പരിഗണിക്കേണ്ട ചോദ്യത്തെ സംബന്ധിച്ചു, മുഖ്യ അദ്ധ്യായങ്ങൾ എബ്രായർ 7 മുതൽ 10 വരെയാണ്. 7 ഉം 8 ഉം അദ്ധ്യായങ്ങളിൽ, അഹരോന്റെ പൗരോഹിത്യം നീങ്ങിപ്പോയെന്ന് ലേഖകൻ പറഞ്ഞു. 9 ഉം 10 ഉം അദ്ധ്യായങ്ങളിൽ, മൂകമായ മൃഗയാഗങ്ങൾക്കു പകരം ക്രിസ്തുവിന്റെ യാഗം സംഭവിച്ചുവെന്നു അവൻ ഊന്നിപ്പറഞ്ഞു. ഈ നാലു അദ്ധ്യായങ്ങൾ ശ്രദ്ധയോടെ പഠിക്കുവാൻ ഒരുങ്ങുക. ഇപ്പോൾ, നമുക്ക് യാഗങ്ങൾ അർപ്പിക്കുന്നതിനെക്കുറിച്ചു ഒരു ഭാഗം നോക്കാം:

> കാളകളുടേയും ആട്ടുകൊറ്റന്മാരുടേയും രക്തത്തിനു പാപങ്ങളെ നീക്കുവാൻ കഴിയുന്നതല്ല. ആകയാൽ, അവൻ ലോകത്തിൽ, വരുമ്പോൾ, "ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല, എന്നാൽ ഒരു ശരീരം നീ എനിക്കു ഒരുക്കിയിരിക്കുന്നു; സർവ്വാംഗ ഹോമങ്ങളിലും പാപയാഗങ്ങളിലും നീ പ്രസാദിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു, 'ഇതാ, ഞാൻ വരുന്നു (പുസ്തകച്ചുരുളിൽ എന്നെക്കുറിച്ചു എഴുതിയിരിക്കുന്നു) ദൈവമേ, നിന്റെ ഇഷ്ടം ചെയ്യാൻ ഞാൻ വരുന്നു.'" എന്നു അവൻ പറയുന്നു, "(ന്യായപ്രമാണപ്രകാരം), കഴിച്ചു വരുന്ന യാഗങ്ങളും വഴിപാടുകളും സർവ്വാംഗഹോമങ്ങളും പാപയാഗങ്ങളും, നീ ഇച്ഛിച്ചില്ല അവയിൽ പ്രസാദിച്ചതുമില്ല" (അതു ന്യായപ്രമാണപ്രകാരമുള്ള യാഗമായിരുന്നു) എന്നിങ്ങനെ പറഞ്ഞ ശേഷം, "ഇതാ, ഞാൻ നിന്റെ ഇഷ്ടം ചെയ്‌വാൻ വരുന്നു." എന്നു പറഞ്ഞുകൊണ്ട് അവൻ രണ്ടാമത്തേതിനെ സ്ഥാപിപ്പാൻ ഒന്നാമത്തേതിനെ നീക്കിക്കളയുന്നു. ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു ... . ഏതു പുരോഹിതനും ദിവസേന ശുശ്രൂഷിച്ചും പാപങ്ങളെ പരിഹരിപ്പാൻ ഒരു നാളും കഴിയാത്ത അതേ യാഗങ്ങളെ കൂടെ കൂടെ കഴിച്ചു കൊണ്ടു നിൽക്കുന്നു. യേശുവോ പാപങ്ങൾക്കുവേണ്ടി ഏകയാഗം കഴിച്ചിട്ടു എന്നേക്കും ദൈവത്തിന്റെ വലതുഭാഗത്തു ഇരുന്നുകൊണ്ടു തന്റെ ശത്രുക്കൾ തന്റെ പാദപീഠം ആകുവോളം കാത്തിരിക്കുന്നു. ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്കു സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു; അതു പരിശുദ്ധാത്മാവും നമുക്കു സാക്ഷീകരിക്കുന്നു, "ഈ കാലം കഴിഞ്ഞ ശേഷം, അവരോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: എന്റെ ന്യായപ്രമാണം അവ

രുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ, എഴുതും എന്നു കർത്താവിന്റെ അരുളപ്പാട്," എന്നു അരുളിച്ചെയ്ത ശേഷം, "അവരുടെ പാപങ്ങളെയും അകൃത്യങ്ങളെയും ഞാൻ ഇനി ഓർക്കയുമില്ല" എന്നു അരുളിച്ചെയ്യുന്നു. എന്നാൽ ഇവയുടെ മോചനം ഉള്ളേടത്തു, ഇനിമേൽ പാപങ്ങൾക്കു വേണ്ടി ഒരു യാഗവും ആവശ്യമില്ല (എബ്രായർ 10:4–18).

സ്പഷ്ടമായും, എബ്രായ ലേഖനത്തിലെ ഉപദേശങ്ങൾ ക്രിസ്ത്യാനികളിൽ ഫലമുളവാക്കി, കാരണം, ബർട്ടൻ കോഫ്മാൻ പറഞ്ഞതു പോലെ, "ദൈവാലയ പുരുഷാരത്തിൽ നിന്നു പൗലൊസിനെ ലിസിയാസ് മോചിപ്പിച്ച ശേഷം, ഏതെങ്കിലും ക്രിസ്ത്യാനി അതിൽ പിന്നെ യെഹൂദ ദൈവാലയത്തിൽ വീണ്ടും കാൽകുത്തിയതായി രേഖയില്ല."[11]

**നിർണ്ണായകമായ ഒരു പ്രവൃത്തി**

ആർക്കെങ്കിലും ഈ സന്ദേശം കിട്ടിയില്ലെങ്കിൽ, ദൈവം എന്നേക്കുമായി ഈ പ്രശ്നം, കുറച്ചുവർഷങ്ങൾക്കു ശേഷം പരിഹരിച്ചു, ദൈവം ദൈവാലയം നശിപ്പിക്കുമാറാക്കി. കോഫ്മാൻ പറഞ്ഞു, "[ദൈവാലയത്തിന്റെ] ചടങ്ങുകളും യാഗങ്ങളും എല്ലാ യെഹൂദന്മാരിലും ശക്തമാക്കിയിരുന്നു എന്നും, അവ അവരിൽ നിന്നും അടർത്തിമാറ്റുവാൻ കഴിയാത്തതിനാൽ, ദൈവം യെഹൂദന്മാരിൽ നിന്നു അവയെ നീക്കിക്കളഞ്ഞു."[12] ദൈവാലയ നാശത്തെക്കുറിച്ചു, ആഡം ക്ലർക്ക് പറഞ്ഞു "ദൈവം തന്റെ കരുണാധിക്യത്താൽ, മോശെയുടെ കാലത്തെ നീക്കിക്കളഞ്ഞു അതിനാൽ, അതിലെ ആചാരങ്ങൾ *അസാധ്യമാക്കി*."[13]

ഏ.ഡി 70–ൽ ദൈവാലയം നശിക്കുകയും യാഗങ്ങൾ നിന്നു പോകയും ചെയ്യുമെന്ന് വളരെ മുൻപു തന്നെ മുന്നറിയിക്കയുണ്ടായി. വിശുദ്ധ മന്ദിരത്തെ ചവിട്ടിക്കളയുമെന്നാണ് ദാനിയേൽ പ്രവചിച്ചത് (ദാനിയേൽ 8:13), നഗരത്തെയും വിശുദ്ധ മന്ദിരത്തെയും നശിപ്പിക്കും (9:26), ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും (9:27), "നിരന്തര ഹോമയാഗം" "നിർത്തലാക്കും" (12:11).[14] "ശൂന്യങ്ങളും" "മ്ലേച്ഛതകളും" എന്ന പദങ്ങൾ ഉപയോഗിച്ചു, ഭയങ്കര ഉപദ്രവം ഉണ്ടാകുമെന്നു പ്രവാചകൻ പറഞ്ഞിരുന്നു (9:26, 27). അറുന്നൂറു വർഷങ്ങൾക്കു ശേഷം, യേശു ദൈവാലയം വിട്ടു പോകുമ്പോൾ, അവൻ ശിഷ്യന്മാരെ അമ്പരപ്പിച്ചുകൊണ്ടു പറഞ്ഞു "ഇടിഞ്ഞുപോകാതെ, കല്ലിന്മേൽ കല്ലു ഇവിടെ ശേഷിക്കയില്ല" (മത്തായി 24:2). ഇതിനെക്കുറിച്ചു ചോദിച്ചപ്പോൾ, അവൻ ദാനിയേലിന്റെ പ്രവചനം സൂചിപ്പിക്കുന്നതുമായി, ''ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധ മന്ദിരത്തിൽ നില്ക്കുന്നതു, നിങ്ങൾ കാണുമ്പോൾ വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ ...'' (മത്തായി 24:15; വാക്യം 21 ശ്രദ്ധിക്കുക).[15] ഏതാണ്ട് നാല്പതു വർഷങ്ങൾക്കുശേഷം, റോമാ സൈന്യം ദൈവാലയമടക്കം – യെരുശലേം നിലം പരിശാക്കി. അതു സംഭവിച്ചപ്പോൾ, യെഹൂദന്മാരുടെ യാഗവ്യവസ്ഥ "ഒരു നിർജ്ജീവ പ്രശ്നമായിത്തീർന്നു."[16]

ഇന്ന്, യെഹൂദനായാലും ജാതിയിൽപ്പെട്ടവനായാലും, നാം ഭൂമി

യിലെ ഒരു പുരോഹിതന്റെ അടുക്കലും പോകേണ്ട ആവശ്യമില്ല, മറിച്ച് നമ്മുടെ "വലിയ മഹാപുരോഹിതനും ... , ദൈവപുത്രനുമായ യേശു ക്രിസ്തുവിന്റെ അടുക്കലാണ് ചെല്ലേണ്ടത്" (എബ്രായർ 4:14), "സ്വർഗ്ഗത്തിൽ മഹിമാസനത്തിന്റെ വലതുഭാഗത്ത് ഇരുന്നവനായി" (8:1). നാം ആട്ടുകൊറ്റന്മാരുടേയും കാളകളുടേയും രക്തമല്ല യാഗമായി അർപ്പിക്കേണ്ടത് (10:4), മറിച്ച് നാം "അതായത്, ദൈവത്തിനു നമ്മുടെ അധരഫലം എന്ന, സ്തോത്രയാഗമാണ് അർപ്പിക്കേണ്ടത്" (13:15) കാരണം യേശു നമുക്ക് വേണ്ടി തികഞ്ഞ യാഗമായിത്തീർന്നു (9:26)!

**ഉപസംഹാരം**

പൗലൊസ് ദൈവാലയ യാഗങ്ങൾ അർപ്പിച്ചതിനെക്കുറിച്ചുള്ള രണ്ടു പാഠങ്ങൾക്കു ശേഷവും, നാം ആഡംക്ലാർക്ക് പറയുന്നതു എടുക്കുവാൻ പ്രേരിതരാകുന്നു: "ഈ തർജ്ജിമയിൽ നമുക്കു മുഴുവൻ മനസിലാകാത്ത ചില കാര്യങ്ങൾ ഉണ്ടെന്നു തോന്നുന്നു."[17] ഒരു തീർപ്പ് വ്യക്തമാണ്, എങ്ങനെയായാലും: പഴയ വഴികൾ ഇല്ലാതാകുന്നതു വിഷമമാണ്. അത് എല്ലായ്പ്പോഴും അങ്ങനെയായിരുന്നു. യെരുശലേമിലെ മൂപ്പന്മാർ ഈ സത്യത്തോട് പോരാടിയിരുന്നു. നിങ്ങളും ഞാനും പോരാടിക്കൊണ്ടിരിക്കുന്നു. നാം ഓർമ്മിക്കേണ്ടതു നാം കാര്യങ്ങളെ പരിഗണിക്കുമ്പോൾ നോക്കേണ്ടതു പഴയതോ പുതിയതോ എന്നല്ല, ശരിയോ തെറ്റോ എന്നാണ് – അതു തീരുമാനിക്കേണ്ടതു ദൈവവചനത്താലുമാണ്! വചനത്തോടുള്ള നിങ്ങളുടെ സമർപ്പണം പുതുക്കേണ്ട സമയം ഇപ്പോഴാണ്!

---

കുറിപ്പുകൾ

[1] പൗലൊസ് തിമൊഥെയൊസിനെ പരിച്ഛേദന കഴിപ്പിച്ചതുമായി ബന്ധപ്പെട്ട് "എല്ലാവർക്കും എല്ലാമായിത്തീർന്നു" എന്നതിനെക്കുറിച്ച് ഒരു ചെറിയ ചർച്ച ഞാൻ ഉൾപ്പെടുത്തിയില്ല. [2]"ക്രിസ്ത്യാനിയും ഗവൺമെന്റും" എന്ന "പ്രവൃത്തികൾ, 1-ാം" ലക്കത്തിലെ പാഠം നോക്കുക. [3]ഈ മര്യാദയിൽ ദൈവത്തിന്നു യെഹൂദന്മാരോട് "കടപ്പാടില്ല"; അതുകൊണ്ട് ഒരു എഴുത്തുകാരന്റെ പദപ്രയോഗം ഞാൻ ഇഷ്ടപ്പെടുന്നു: "ദയാ കാലയളവ്." [4]മാത്യൂ ഹെന്റി, *കമെന്ററി ഓൺ ദ ഹോൾ ബൈബിൾ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1961), 1723. [5]എപ്പോഴാണ് എബ്രായലേഖനം എഴുതിയതെന്ന് കൃത്യമായി നമുക്ക് അറിയില്ല. അതിൽ പുരോഹിതന്മാർ യാഗം കഴിക്കുന്നതിനെക്കുറിച്ചു പറഞ്ഞിരിക്കകൊണ്ട് (10:11), ഒരുപക്ഷേ അതു യെരുശലേം ദൈവാലയം എ.ഡി. 70-ൽ നശിപ്പിക്കുന്നതിനു മുൻപ് എഴുതപ്പെട്ടതാകാം. എ.ഡി. 57 -ൽ പൗലൊസിനെ യെരുശലേമിൽ വെച്ചു തടവിലാക്കിയതിനു പല വർഷങ്ങൾക്കു ശേഷം എഴുതപ്പെട്ടു എന്നു എടുക്കുന്നതാകും സുരക്ഷിതത്വം. [6]ആഡം ക്ലാർക്ക്, *ദ ഹോളി ബൈബിൾ വിത്ത് എ കമെന്ററി ആന്റ് ക്രിട്ടിക്കൽ നോട്ട്സ്,* വാല്യം 5, *മത്തായി - പ്രവൃത്തികൾ* (നാഷ്വില്ലേ: അബിങ്ങ്ഡൺ പ്രെസ്, എൻ.ഡി.), 861. [7]1996 ജാനുവരി 8 ന്, സംഭവിച്ച വ്യക്തിപരമായ ഫോൺ വിളി. [8]റോയ് എച്ച് ലാനിയെർ, ജൂനിയർ., പെഴ്സണൽ ലെറ്റർ, 7 ഡിസംബർ 1995. [9]പൗലൊസ് ചെയ്ത തെറ്റു സമ്മതിക്കുന്നതിന്റെ ഉദാഹരണത്തിന്, പ്രവൃത്തികൾ 23:5 നോക്കുക. [10]വാരെൻ ഡബ്ല്യൂ. വിഴേയ്സ്ബേ, *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി,* വാല്യം 1 (വീറ്റൺ, Ill.: വിക്ടർ ബുക്ക്സ്, 1989), 490.

[11]ജെയിംസ് ബർട്ടൺ കോഫ്മാൻ, *കമെന്ററി ഓൺ ആക്ട്സ്* (അസ്റ്റിൻ, ടെക്സാസ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിംഗ് ഹൗസ്, 1976), 8. [12]ഇബിഡ്., 408. [13]ക്ലർക്ക്, 859 (എംഫസിസ് ഹിസ്). [14]ദാനിയേലിന്റെ പുസ്തകം വിവരിക്കുന്ന ശ്രമം ഈ പുസ്തകത്തിന്റെ ലക്ഷ്യത്തിൽ നിന്നു പുറത്തു കളയും. എങ്ങനെയായാലും, മിക്ക പണ്ഡിതന്മാരും ഉദ്ധരിച്ചതു, എ.ഡി. 70 ലെ യെരുശലേമിന്റെ നാശത്തെ കുറിക്കുന്നതാണെന്നു സമ്മതിക്കും. [15]വാക്യം 3-ൽ, ശിഷ്യന്മാർ വിചാരിച്ചത് അവർ ഒരു ചോദ്യം ചോദിക്കുകയാണെന്നാണ് (കാരണം അവർ വിചാരിച്ചത് യെരുശലേമിന്റെ നാശം ലോകാവസാനത്തിലാണ് സംഭവിക്കുന്നത് എന്നാണ്). വാസ്തവത്തിൽ, അവർ ദൈവാലയത്തിന്റെ നാശത്തെക്കുറിച്ചും ലോകാവസാനത്തെക്കുറിച്ചു*മാണ്* ചോദിച്ചത്. അതുകൊണ്ട്, അദ്ധ്യായത്തിന്റെ ആദ്യ ഭാഗം യെരുശലേം നാശത്തെക്കുറിച്ചാണ്, എന്നാൽ അവസാനഭാഗം ലോകാവസാനത്തെക്കുറിച്ചുമാണ്. വരുവാനിരിക്കുന്ന ക്രിസ്തുവിന്റെ ജീവിതം എന്ന ലക്കത്തിൽ മത്തായി 24 നാം ചർച്ച ചെയ്യും. [16]റിച്ചാർഡ് ഓസ്റ്റാർ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്,* ദ ലിവിങ് വേഡ് കമെന്ററി സീരിസ്, പാർട്ട് 2 (ആസ്റ്റിൻ, ടെക്സാസ്.: സ്വീറ്റ് പബ്ലിഷിംഗ് കമ്പനി, 1979), 124. ഒന്നാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും യെഹൂദ ക്രിസ്ത്യാനികളെ യെഹൂദന്മാർ തങ്ങളുടെ പള്ളികളിൽ സ്വീകരിക്കാമെന്ന നിലവന്നു എന്നു പറയപ്പെടുന്നുണ്ട്; അവർ പ്രാർത്ഥിച്ച പ്രാർത്ഥന, "നസ്രായരും മതനിന്ദകരും നശിക്കുമാറാകട്ടെ അവരുടെ പേരുകൾ ജീവപുസ്തകത്തിൽ നിന്നു തുടച്ചുകളയുമാറാകട്ടെ" (ഉദ്ധരിച്ചത് എഫ്.എഫ്. ബ്രൂസ്, *ദ ബുക്ക് ആക്സ്*, റെവ. ഇഡി. [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയൂ എം. ബി. എർഡ്മാൻസ് പബ്ലിഷിംഗ് കമ്പനി, 1988], 428). [17]ക്ലർക്ക്, 860.